RCS/8872/2021-CS(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, **18/03/2022**

# <u>സർക്കുലർ നമ്പർ - 12/2022</u>

വിഷയം :- സഹകരണ വകുപ്പ്- **"സഹകാരി-സാന്ത്വനം"**-(അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതി )- കാലോചിതമായി പരിഷ്കരിച്ച ഉത്തരവ്- ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

പരാമർശം :- (1) ബഹു. സർക്കാറിന്റെ 02/12/2009 ലെ സ.ഉ (സാധാ) നം.674/2009/സഹ നമ്പർ ഉത്തരവ്.
(2) ബഹു. സർക്കാറിന്റെ 18/02/2022 ലെ സ.ഉ.(സാധാ)നം.80/2022/സഹ നമ്പർ ഉത്തരവ്.
(3) ബഹു. സർക്കാറിന്റെ 15/03/2022 ലെ സ.ഉ.(സാധാ) നം.160/2022/സഹ നമ്പർ ഉത്തരവ്.

സഹകരണ നവരത്നം ബംബർ ലോട്ടറി നടത്തിപ്പിലൂടെ സഹകരണ വകുപ്പിന് ലഭിച്ച ലാഭ വിഹിതത്തിൽ നിന്നും അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതി ബഹു. സർക്കാറിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. ടി പദ്ധതി കാലോചിതമായി പരിഷ്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു..

(1) സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.

**(2)** സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരായിരിക്കണം. **ജീവനക്കാരുടെ സംഘങ്ങളിൽ ഭരണസമിതി അംഗമായവർക്ക് ഈ പദ്ധതിയിൽ അർഹത ഉണ്ടായിരിക്കുന്നതല്ല.**

(3) വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ള ടി സഹകാരികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(4) ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം.

(5) മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ലഭിക്കുന്നതാണ്.

(6) ടി ആശ്രിത വിഭാഗത്തിലുള്ള ധനസഹായത്തിന് പുതുക്കിയ ഉത്തരവ് തീയതിയായ 18/02/2022 മുതൽ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

(7) ടി വിഭാഗത്തിൽപ്പെടുന്ന സഹകാരികൾ മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ (18/02/2022 ന് ശേഷം) അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് ധനസഹായം ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(8) മേൽ പ്രകാരം സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നിയമപരമായ അവകാശ സർട്ടിഫിക്കറ്റ് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്.

(9) കുടുംബാംഗങ്ങൾ/ആശ്രിതർ എന്നാൽ - അമ്മ, ഭാര്യ, മകൻ, മകൾ, വളർത്തുമകൻ, വളർത്തുമകൾ എന്നിവർ ഉൾപ്പെടുന്നു.

(10) ടി പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ള ഗുണഭോക്താക്കൾ ഇതോടൊപ്പമുള്ള നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം സെക്രട്ടറി മുഖേന അപേക്ഷകൻ താലൂക്കിലെ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്ക് ആവശ്യമായ സാക്ഷ്യപത്രങ്ങൾ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി ടി അപേക്ഷയും അനുബന്ധങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

(11) മേൽ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയുടേയും, ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും (ചികിത്സാ ചെലവിന്), വില്ലേജ് ആഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റി പ്രസ്തുത ധനസഹായ തുക നിശ്ചയിക്കുന്നതാണ്.

(12) ടി പദ്ധതിയിൽ നിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും.

(13) ഒരിക്കൽ ആനുകൂല്യം ലഭിച്ച അംഗത്തിന് പിന്നീട് ടി പദ്ധതി പ്രകാരമുള്ള യാതൊരു ആനുകൂല്യത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

(14) മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

ഒപ്പ്/-
പി.ബി. നൂഹ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സെക്രട്ടറി, സഹകരണ വകുപ്പ്
2. പ്രൈവറ്റ് സെക്രട്ടറി, ബഹു.സഹകരണ വകുപ്പ് മന്ത്രി
3. സഹകരണ ആഡിറ്റ് ഡയറക്ടർ
4. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്)
7. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ), അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
8. സഹകരണ വീഥി
9. വെബ് സൈറ്റ്
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എസ്./എച്ച്.വി.)

## സഹകരണ വകുപ്പ്

**അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധിയിൽ നിന്നും, സഹായധനം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം**

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ / സഹകാരിയുടെ പേര് | : | |
| 2. | മേൽ വിലാസം | : | |
| 3. | വയസ്സ് | : | |
| 4. | കുടുംബത്തിന്റെ വാർഷിക വരുമാനം | : | |
| 5. | സഹകാരി ഉൾപ്പെട്ട കർമ്മ മണ്ഡലം (വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം) | : | |
| 6. | ധനസഹായത്തിന്റെ ആവശ്യം | : | |
| 7. | മരണപ്പെട്ടുപോയ സഹകാരിയുടെ കുടംബത്തിന് സഹായം ആവശ്യമെങ്കിൽ | | |
| | (എ) ആശ്രിതന്റെ പേര് | : | |
| | (ബി) മേൽവിലാസം | : | |
| | (സി) വയസ്സ് | : | |
| | (ഡി) തൊഴിൽ | : | |
| | (ഇ) സഹകാരിയുമായുള്ള ബന്ധം | : | |
| | (എഫ്) ധനസഹായത്തിന്റെ ആവശ്യം | : | |
| | (ജി) അപേക്ഷിക്കുന്ന തുക | : | |

സ്ഥലം:

അപേക്ഷകന്റെ ഒപ്പ്

തീയതി:

ഉള്ളടക്കം ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ :

1. വില്ലേജ് ആഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് (ചികിത്സാവശ്യത്തിനാണെങ്കിൽ)

## സാക്ഷ്യപത്രം

മേൽ വിവരങ്ങൾ അന്വേഷണത്തിൽ ശരിയാണ് എന്നും അപേക്ഷകന് / സഹകാരിക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടെന്നും / അർഹതയില്ലെന്നും ആയതിനാൽ ..............................രൂപ അനുവദിയ്ക്കാവുന്നതാണ് / പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

ആഫീസ് മുദ്ര
തീയതി:

അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ സെക്രട്ടറി,
സർക്കിൾ സഹകരണ യൂണിയൻ

---

## മേലൊപ്പ്

ശുപാർശ ചെയ്യുന്നു. / പരിഗണിക്കേണ്ടതില്ല.

ആഫീസ് മുദ്ര
തീയതി:

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

---

..................................തീയതിയിലെ..................................................................................ടെ അപേക്ഷ സംസ്ഥാനതല കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തീയതി :

സഹകരണ സംഘം രജിസ്ട്രാർ

---

.......................................................................ലെ സംസ്ഥാനതല കമ്മിറ്റിയുടെ ..................................... തീയതിയിലെ ..................................-ാം നമ്പർ തീരുമാന പ്രകാരം ....................................രൂപ അനുവദിച്ചു.

ചെയർമാൻ

## അനുബന്ധം

പേര് :

വിലാസം :

| ക്രമ നമ്പർ | പ്രവർത്തിച്ച സ്ഥാപനം / സർക്കിൾ സഹകരണ യൂണിയൻ | സ്ഥാനം (ഭരണസമിതി അംഗം / പ്രസിഡന്റ് / മറ്റുള്ളവർ) | കാലയളവ്........................ മുതൽ........................വരെ |
|---|---|---|---|
| | | | |
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |
| 6. | | | |
| 7. | | | |
| 8. | | | |
| 9. | | | |
| 10. | | | |

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) / സെക്രട്ടറി,
സർക്കിൾ സഹകരണ യൂണിയൻ